## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 697 | 11.03.2015-ൽ മറുപടിക്ക്

### പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ

**ചോദ്യം**

ശ്രീ. പി. എ. മാധവൻ :
,, എ. പി. അബ്ദുള്ളക്കുട്ടി :
,, ഷാഫി പറമ്പിൽ :
,, എം. എ. വാഹീദ് :

(എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) & (ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി 'ടെലി-സ്ട്രോക്ക്' ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാസർഗോഡ് ജനറൽ ആശുപത്രി എന്നീ പത്ത് ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ ഇത് പ്രാവർത്തികമാക്കിയത്.രോഗം തുടങ്ങുന്ന ആദ്യ മണിക്കൂറുകളിൽ ചികിത്സ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ മരുന്ന് ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പക്ഷാഘാത ചികിത്സ നടത്തുന്നുണ്ട്. കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ആരോഗ്യവകുപ്പിലെ 70 -ഓളം ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ ആഭിമുഖ്യത്തിൽ നൽകുകയുണ്ടായി.

(....2)

| | |
|---|---|
| (സി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ? | (സി) പക്ഷാഘാതം വന്നവരെ ചലനാത്മകമായ ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റ്. ഒരു ജില്ലയിലെ ഒരു ആശുപത്രിയിൽ പക്ഷാഘാത പരിചരണത്തിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ഫിസിയോതെറാപ്പി യൂണിറ്റിന്റെ സഹായത്തോടുകൂടി പക്ഷാഘാതം വന്ന രോഗികൾക്ക് പുനരധിവാസ ചികിത്സ നൽകുക എന്നതാണ് ഉദ്ദേശ്യ ലക്ഷ്യം. ഉപകരണങ്ങൾ വാങ്ങുന്നതിനായി 142 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുന്നതാണ്. ആശുപത്രികളിൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യൂറോളജി വിഭാഗത്തിൽ സ്ട്രോക്ക് റീഹാബിലിറ്റേഷൻ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ